നം.ക്യു.ഐ.പി.(2)/37005/14/ഡി.പി.ഐ. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി:31/05/2014.

# സർക്കുലർ

വിഷയം:- പൊ.വി.--ബാലാവകാശ സംരക്ഷണ കമ്മീഷൻ ദിനം--സ്കൂൾ അസംബ്ളി യിൽ വായിക്കാനുള്ള സന്ദേശവും പ്രതിജ്ഞയും സംബന്ധിച്ച്--

സൂചന:- 29/05/2014 ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷന്റെ കത്ത്.

*************

ബാലാവാകാശങ്ങൾ സംരക്ഷിക്കുന്നതിനും ശിശുസൗഹൃദപരമായ ഒരു വിദ്യാലയ അന്തരീക്ഷം സംജാതമാക്കുന്നതിനും ബാലാവകാശ ലംഘനത്തിന് അന്വേഷണ വിചാരണ നടത്തുന്നതിനും അങ്ങനെയുള്ള കേസുകളിൽ നടപടികൾ സ്വീകരിക്കുന്നതിനും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനും പ്രൊസിക്യൂഷൻ നടപടികൾ ആവശ്യപ്പെടുന്നതും കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ ചുമതലയാണ്.

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പ്രവർത്തനം ആരംഭിച്ച് ഒരു വർഷം തികയുന്ന 03/06/2014 ന് കേരളത്തിലെ മുഴുവൻ സ്കൂളുകളിലെയും കുട്ടികൾക്ക് ഒരു സന്ദേശം നൽകുവാനും അതോടൊപ്പം സുരക്ഷ, കർത്തവ്യബോധം, രാജ്യസ്നേഹം എന്നിവയിൽ അവബോധം ഉണ്ടാക്കുന്നതിന് ഒരു പ്രതിജ്ഞ എടുപ്പിക്കാനും താൽപര്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ തയ്യാറാക്കി നൽകിയിട്ടുള്ള സന്ദേശവും പ്രതിജ്ഞയും 03/06/2014 ന് എല്ലാ സ്കൂളുകളിലും പ്രത്യേകം അസംബ്ളി വിളിച്ചുചേർത്ത് സന്ദേശം വായിച്ചു കേൾപ്പിക്കുന്നതിനും പ്രതിജ്ഞയെടുപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രതിജ്ഞ സ്കൂൾ ലീഡർ/വിദ്യാർത്ഥി പ്രതിനിധി ചൊല്ലിക്കൊടുക്കേണ്ടതും സന്ദേശം സ്കൂൾ ലീഡർ/വിദ്യാർത്ഥി പ്രതിനിധി/പി.ടി.എ. ഭാരവാഹി/സ്റ്റാഫ് ഭാരവാഹി എന്നിവരിൽ ആരെങ്കിലും വായിക്കേണ്ടതുമാണ്.

ഈ നിർദ്ദേശം കർശനമായി നടപ്പിലാക്കുന്നതിൽ വിദ്യാഭ്യാസ ആഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

പകർപ്പ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
4. ഡയറക്ടർ, എസ്.എസ്.എ.
5. ഡയറക്ടർ, ആർ.എം.എസ്.എ.
6. കരുതൽഫയൽ.